"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രീത. എസ് Tubo Ovarian Mass- രോഗത്തെ തുടർന്ന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ 23,821/- രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.995/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-
1. മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ 10.04.2023 ലെ 4/1 -ാം നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 07.02.2024 തീയതിയിലെ LSGD/PD/58812/2023-EER2 നമ്പർ കത്ത് .

**<u>ഉത്തരവ്</u>**

കാസർഗോഡ് ജില്ലയിൽ മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രീത. എസ് Tubo Ovarian Mass - രോഗത്തെ തുടർന്ന് Manglore Father Muller Medical College - ൽ (16.09.2022 മുതൽ 19.09.2022 വരെയുള്ള കാലയളവിൽ) ചികിത്സ നടത്തിയതിൽ ചെലവായ 34,031/- രൂപ ടിയാന് ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ചികിത്സാ സഹായമായി അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഗ്രാമ പഞ്ചായത്ത് തീരുമാനം എടുക്കുകയും ചികിത്സയ്ക്കായി ചെലവായ തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകുന്നതിന് പരാമർശം (2) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ മുഖേന അപേക്ഷിച്ചിട്ടുണ്ട്.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. മടിക്കൈ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. പ്രീത. എസ് Tubo Ovarian Mass - രോഗത്തെ തുടർന്ന് ചികിത്സ നടത്തിയ ഇനത്തിൽ ചെലവായ 34,031/- രൂപയുടെ 70% തുകയായ 23,821/- രൂപ (ഇരുപ്പത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപ്പത്തി ഒന്ന് രൂപ മാത്രം), ഭാവിയിൽ ക്രമ പ്രകാരമല്ലാതെയോ അധികമായി തുക മാറി നൽകിയതായോ കാണുന്ന പക്ഷം പ്രസ്തുത തുക തിരികെ അടയ്ക്കാൻ അപേക്ഷകൻ ബാദ്ധ്യസ്ഥനാണെന്നുള്ള വ്യവസ്ഥയിൽ, ടിയാൾ സമർപ്പിച്ചിരിക്കുന്ന ചികിത്സാ രേഖകളുടെയും മെഡിക്കൽ ബിൽ/വൗച്ചറുകളുടെയും അടിസ്ഥാനത്തിൽ മടിക്കൈ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെലീന.എ
ഡെപ്യൂട്ടി സെക്രട്ടറി

പ്രസിഡന്റ്/സെക്രട്ടറി, മടിക്കൈ ഗ്രാമപഞ്ചായത്ത്, കാസർഗോഡ്.

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ [LSGD-EM2/30/2024-LSGD].

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signed by
Vijayakumar D
Date: 10-06-2024 15:36:33

ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ന്.

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്.